"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- കായംകുളം നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരനിൽ നിന്നും കൈക്കൂലി കൈപ്പറ്റിയ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.രഘു പി യ്ക്ക് എതിരെ കേരള സർവീസ് റൂൾ ഭാഗം മൂന്ന് ചട്ടം 59-ഡി പ്രകാരം നടപടി - ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(സാധാ) നം.1851/2026/LSGD തീയതി,തിരുവനന്തപുരം, 01-10-2026

---

പരാമർശം:-

1. 21.12.2024 തീയതിയിലെ EWA1/98/2021-LSGD നമ്പരായുള്ള കാരണം കാണിക്കൽ നോട്ടീസ്.
2. ശ്രീ.രഘു പി സമർപ്പിച്ച 14.01.2025 തീയതിയിലെ മറുപടി.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.06.2025 തീയതിയിലെ LSGD/PD/9807/2023-VIGA6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അസിസ്റ്റന്റ് എൻജിനീയറായി സേവനമനുഷ്ഠിക്കവെ കായംകുളം നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തിയുടെ ബന്ധപ്പെട്ട് കരാറുകാരനിൽ നിന്നും കൈക്കൂലി കൈപ്പറ്റിയ ശ്രീ.രഘു പി -യ്ക്ക് എതിരെ VC 01/2020/ALP നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കേരള സർവീസ് റൂൾ ഭാഗം മൂന്ന് ചട്ടം 59-ഡി പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പരാമർശം (2) പ്രകാരം ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അച്ചടക്ക നടപടി തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

2. ശ്രീ.രഘു പി -യ്ക്ക് എതിരെ കേരള സർവീസ് റൂൾ ഭാഗം മൂന്ന് ചട്ടം 59 ഡി പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിലെ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി ശ്രീ.അനൂപ്.സി (PEN 689362), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW സബ്ബ് ഡിവിഷൻ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

3. **1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, മാന്വൽ ഫോർ ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് (MDP) എന്നിവയിൽ**

**അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കാരണം കാണിക്കൽ നോട്ടീസിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയ ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. ശ്രീ.അനൂപ്.സി (PEN 689362), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW സബ്ബ് ഡിവിഷൻ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്. *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന.)*
3. ശ്രീ. രഘു പി , അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ട) രോഹിണി നിലയം, കായംകുളം *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന.)*
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
5. സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by
Dileep D
Date: 01-10-2026
09:09:44
സെക്ഷൻ ഓഫീസർ